പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4567 — 04.02.2014 ൽ മറുപടിക്ക്

## പൊതുവിതരണ മേഖലയിൽ ഗോതമ്പിന്റെ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പൊതുവിതരണ മേഖലയിൽ ഗോതമ്പിന്റെ വിതരണം ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ.പി.എൽ. കാർഡുടമകൾക്ക് 2013 നവംബർ, ഡിസംബർ മാസങ്ങളിൽ ഗോതമ്പ് വിതരണം നടത്തിയിട്ടില്ല. |
| (ബി) | ഗോതമ്പിന്റെ വിതരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തിയതിന്റെ ഫലമായി 2013 ഡിസംബർ മാസത്തിൽ എം.എസ്.പി. (മിനിമം സപ്പോർട്ട് പ്രൈസ്) നിരക്കിൽ 36900 മെ.ടൺ ഗോതമ്പ് എ.പി.എൽ. കാർഡുടമകൾക്ക് വിതരണം നടത്താൻ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. കൂടാതെ 2014 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 17024 മെ.ടൺ ഗോതമ്പും എം.എസ്.പി. നിരക്കിൽ എല്ലാ കാർഡുടമകൾക്കും വിതരണം നടത്താൻ കേന്ദ്രസർക്കാർ അനുവദിച്ചു. |
| (സി) | 2011 മുതൽ 2014 ജനുവരി വരെയുള്ള കാലയളവിൽ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ഗോതമ്പിന്റെ വിലവിവര പ്പട്ടിക നൽകാമോ; | (സി) | |

| ഇനം | 2011 ജനുവരി മുതൽ 2014 ജനുവരി വരെയുള്ള ഗോതമ്പിന്റെ വില (രൂപ) |
|---|---|
| എ.പി.എൽ. ഗോതമ്പ് | 6.70 |
| എ.പി.എൽ. സബ്സിഡി ഗോതമ്പ് | 2.00 |
| ബി.പി.എൽ. ഗോതമ്പ് | 2.00 |

| | | | |
|---|---|---|---|
| (ഡി) | ഗോതമ്പിന്റെ വിലവർദ്ധനവ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുവിപണിയിലെ വിലവർദ്ധനവ് പാവപ്പെട്ട ബി.പി.എൽ. കാർഡുടമകളെ ബാധിക്കാതിരിക്കാൻ ബി.പി.എൽ. കാർഡുടമകൾക്ക് മാസംതോറും 5 കി. ഗ്രാം വീതം ഗോതമ്പ് 2 രൂപ നിരക്കിൽ ഇപ്പോൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് 12 രൂപ നിരക്കിൽ 2 കിലോഗ്രാം സപ്ലൈകോ ആട്ട പൊതുവിതരണ കേന്ദ്രങ്ങൾവഴിയും, എല്ലാവിഭാഗം ജനങ്ങൾക്കുമായി മാവേലിസ്റ്റോറുകൾ വഴിയും വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തിയതിന്റെ ഫലമായി 2013 ഡിസംബർ മാസത്തിൽ എം.എസ്.പി. നിരക്കിൽ 36900 മെ. ടൺ ഗോതമ്പ് എ.പി.എൽ. കാർഡുടമകൾക്ക് വിതരണം നടത്താൻ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചു. കൂടാതെ 2014 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 17024 മെ.ടൺ ഗോതമ്പ് എം.എസ്.പി. നിരക്കിൽ എല്ലാ കാർഡുടമകൾക്കും വിതരണം നടത്താൻ കേന്ദ്രസർക്കാർ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ